"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾസ് മാനേജരും മറ്റുള്ളവരും ചേർന്ന് ബഹു.കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.32148/2024-ന്റെ 10.09.2024-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3890/2025/GEDN തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:-
1. പാലക്കാട് ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾസ് മാനേജരുടെ 04.09.2024-ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി16)
2. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 27.11.2024-ലെ DEOMKD/1500/2024-B3 നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.12.2024-ലെ EM1/22155/2024/D.G.E നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾസ് മാനേജർ, പള്ളിക്കുറുപ്പ് ശബരി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എ.(മാത്സ്) ശ്രീ. ശ്രീനാഥ് പി. & ശ്രീമതി ശ്രീജയ എ.ജെ. , എച്ച്.എസ്.എ.(അറബിക്) ശ്രീമതി നസീമ റ്റി., അടയ്ക്കാപുത്തൂർ PTBSHSS-ലെ എച്ച്.എസ്.എ.(അറബിക്) ശ്രീ.റെയ്ഹാൻ മുബരിഷ് എന്നിവർ ചേർന്ന് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.32148/2024-ന്റെ 10.09.2024-ലെ വിധിന്യായത്തിൽ ഹർജിക്കാരെ കേൾക്കുന്നതിനും, EXT P16 (Revision Petition dated 04.09.2024 of the Manager) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ, 17.12.2024 തീയതി ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി.

2.) ശബരി ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിലുള്ള 3 പ്രൈമറി സ്കൂളുകളും 2 ഹൈസ്കൂളുകളും 01.01.2018 മുതൽ കോമൺ സീനിയോറിറ്റി അനുസരിച്ചാണ് പ്രവർത്തിച്ചു വരുന്നത് എന്ന് മാനേജർ അറിയിക്കുന്നു. താഴെപ്പറയുന്ന എച്ച്.എസ്.ടി.മാരുടെ നിയമനങ്ങൾ അംഗീകരിച്ചു നൽകണമെന്നതാണ് EXT P16 റിവിഷൻ ഹർജിയിലെ ആവശ്യം.

1. <u>ശ്രീനാഥ് പി. എച്ച്.എസ്.ടി.(മാത്സ്), ശബരി എച്ച്.എസ്.എസ്., പള്ളിക്കുറുപ്പ്</u>

ആദ്യ നിയമനം - 01.06.2009– UPST, ശബരി VLNMUPS, വിളയൻ ചാത്തന്നൂർ

എച്ച്.എസ്.ടി.(മാത്സ്) നിയമനം- 06.06.2019 - 31.03.2019-ലെ വിരമിക്കൽ ഒഴിവ്. ടിയാൻ ടി നിയമനം relinquish ചെയ്തു.

ടി ഒഴിവിൽ ശ്രീമതി അനുപമ പി.യു.വിന് **06.06.2019** മുതൽ നിയമനം നൽകുകയും അംഗീകാരം ലഭിക്കുകയും ചെയ്തു. തുടർന്ന്, **31.03.2020**-ൽ സംജാതമായ വിരമിക്കൽ ഒഴിവിൽ ടിയാനെ **rule 43** അവകാശി എന്ന നിലയിൽ **15.07.2021** മുതൽ എച്ച്.എസ്.ടി. (മാത്സ്) ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ചു. ടിയാന്റെ നിയമനം അംഗീകരിക്കുന്നതിനുവേണ്ടി സീനിയർ നിയമനാർത്ഥികൾ സ്ഥാനക്കയറ്റ നിയമനം പരിത്യജിച്ചിട്ടുള്ളത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുണ്ട്. അതിനാൽ ശ്രീ. ശ്രീനാഥ് പി.യുടെ എച്ച്.എസ്.ടി.(മാത്സ്) നിയമനം **15.07.2021** മുതൽ അംഗീകരിക്കാവുന്നതാണ്.

**2.** ശ്രീജയ എ.ജെ., എച്ച്.എസ്.ടി.(മാത്സ്), ശബരി **HSS**, പള്ളിക്കുറുപ്പ്

**30.06.2020**-ലെ വിരമിക്കൽ ഒഴിവിൽ റൂൾ **43** അവകാശിയായ ശ്രീമതി ശ്രീജയയെ **15.07.2021** മുതൽ എച്ച്.എസ്.ടി.(മാത്സ്) ആയി നിയമിച്ചു. സീനിയർ നിയമനാർ ത്ഥികൾ സ്ഥാനക്കയറ്റം പരിത്യജിച്ചിട്ടുണ്ട്. ടിയാളുടെ നിയമനം **15.07.2021** മുതൽ അംഗീകരിക്കാവുന്നതാണ്.

**3.** റൈഹാൻ മുബാരിഷ് എച്ച്.എസ്.ടി.(അറബിക്), **PTBHSS**, അടക്കാപുത്തൂർ

**31.03.2020**-ലെ വിരമിക്കൽ ഒഴിവിൽ ശ്രീ റൈഹാൻ മുബാരിഷ്-നെ **15.07.2021** മുതൽ എച്ച്.എസ്.ടി.(അറബിക്) ആയി നിയമിച്ചു. എന്നാൽ **1:1** നിയമനം, ഭിന്നശേഷി നിയമനം എന്നീ കാരണങ്ങളാൽ നിയമനം നിരസിക്കപ്പെട്ടു. ടിയാന്റെ നിയമനം **15.07.2021** മുതൽ പ്രൊവിഷണലായി ശമ്പളസ്കെയിലിൽ അംഗീകരിക്കണമെന്നതാണ് ആവശ്യം.

**4.** നസീമ ടി., എച്ച്.എസ്.ടി.(അറബിക്), ശബരി എച്ച്.എസ്.എസ്., പള്ളിക്കുറുപ്പ്

**30.04.2020**-ലെ വിരമിക്കൽ ഒഴിവിൽ ശ്രീമതി നസീമയെ **15.07.2021** മുതൽ എച്ച്.എസ്.ടി.(അറബിക്) ആയി നിയമിച്ചു. **1:1** നിയമനം, ഭിന്നശേഷി നിയമനം, **upgraded school** ആയതിനാൽ സംരക്ഷിത അധ്യാപക നിയമനം നടത്തിയിട്ടില്ല എന്നീ കാരണങ്ങളാൽ ടി നിയമനം നിരസിക്കപ്പെട്ടു. എന്നാൽ, സംരക്ഷിത അധ്യാപകനിയമനത്തിനായി **02.09.20204** മുതൽ ഒരു എച്ച്.എസ്.ടി.(എൻ.ഡബ്ല്യു) തസ്തിക മാറ്റി വച്ചിട്ടുള്ളതാണ്. ശ്രീമതി നസീമ ടി.യുടെ എച്ച്.എസ്.ടി.(അറബിക്) നിയമനം **15.07.2021** മുതൽ പ്രൊവിഷണലായി ശമ്പളസ്കെയിലിൽ അംഗീകരിക്കാവുന്നതാണ്.

**3.)** പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു:

**"1. 01.06.2009** മുതൽ യു.പി.എസ്.ടി. ആയിരുന്ന ശ്രീ ശ്രീനാഥ് പി.യെ **31.03.2020**-ലെ വിരമിക്കൽ ഒഴിവിൽ **15.07.2021** മുതൽ എച്ച്.എസ്.ടി. (മാത്സ്) ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ചു. എന്നാൽ **31.03.2019**-ലെ വിരമിക്കൽ

ഒഴിവിൽ 4 3 അവകാശിയായ ശ്രീ. ശ്രീനാഥിനെ പരിഗണിക്കാതെ ശ്രീമതി അനുപമ പി.യു.വിനെ 06.06.2019 മുതൽ എച്ച്.എസ്.ടി.(ഗണിതം) ആയി നിയമിച്ചിരുന്നു. ശ്രീമതി അനുപമ പി.യു.ന്റെ നിയമനത്തിനായി ശ്രീ. ശ്രീനാഥ് പി. സ്ഥാനപരിത്യാഗം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി അനുപമയ്ക്ക് 06.06.2019 മുതൽ നിയമനാംഗീകാരം നൽകി. മറ്റു സീനിയർ അവകാശികളുടെയും പരിത്യാഗപത്രം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുണ്ട്.

2. ശ്രീമതി ശ്രീജയയെ 30.06.2020-ലെ വിരമിക്കൽ ഒഴിവിൽ എച്ച്.എസ്.ടി.(മാത്സ്) ആയി 15.07.2021 മുതൽ നിയമിച്ചെങ്കിലും, പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂൾ 22.05.1979-നുശേഷം ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ട സ്കൂളായതിനാലും, സീനിയർ അധ്യാപകരുടെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാലും ടിയാളുടെ നിയമനം നിരസിച്ചു. എന്നാൽ സംരക്ഷിത അധ്യാപകരെ നിയമിച്ചു കൊള്ളാമെന്ന് മാനേജർ സത്യപ്രസ്താവന സമർപ്പിച്ചിട്ടുണ്ട്. 18.11.2018-ന് ശേഷമുള്ള പുതിയ നിയമനമായതിനാൽ ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പാലിച്ച് നിയമന പ്രൊപ്പോസൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശം നൽകിയിരുന്നു.

3 . ശ്രീ റൈഹാൻ മുബാരിഷ് എം.നെ 31.03.2020-ലെ വിരമിക്കൽ ഒഴിവിൽ 15.07.2021 മുതൽ എച്ച്.എസ്.ടി.(അറബിക്) ആയി നിയമിച്ചു. സംരക്ഷിത അധ്യാപകരെ നിയമിച്ചിട്ടില്ലാത്തതിനാലും ഭിന്നശേഷി വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തതിനാലും ടി നിയമനം നിരസിച്ചു. 18.11.2018-ന് ശേഷമുള്ള പുതിയ നിയമനം ആയതിനാൽ ഭിന്നശേഷി വ്യവസ്ഥകൾ പ്രകാരം നിയമന പ്രൊപ്പോസൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പുനർസമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകി.

4. ശ്രീമതി നസീമ ടി.യെ 30.04.2020-ലെ വിരമിക്കൽ ഒഴിവിൽ 15.07.2021 മുതൽ എച്ച്.എസ്.ടി.(അറബിക്) ആയി നിയമിച്ചു. പള്ളിക്കുറിപ്പ് ശബരി ഹൈസ്കൂൾ 22.05.1979-നുശേഷം ഉയർത്തപ്പെട്ട പുതിയ വിദ്യാലയമായതിനാലും സംരക്ഷിത അധ്യാപകരെ നിയമിക്കാത്തതിനാലും ടി നിയമനം നിരസിക്കപ്പെട്ടു. ടി സ്കൂളിൽ തുന്നൽ തസ്തിക സംരക്ഷിത അധ്യാപകനായി മാറ്റിവച്ച വിവരം 02.09.2024-ൽ വിദ്യാഭ്യാസ ഉപഡയറക്ടറെ മാനേജർ അറിയിച്ചു.

5. ചട്ടം 4 3 അവകാശികളായ സീനിയർ അധ്യാപകരുടെ സ്ഥാനക്കയറ്റ പരിത്യാഗപത്രം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതിനാൽ ശ്രീ. ശ്രീനാഥ് പി.യുടെ എച്ച്.എസ്.ടി.(മാത്സ്) തസ്തികയിലെ 15.07.2021 മുതലുള്ള നിയമനം പരിഗണിക്കാവുന്നതാണ്.

6. ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പ്രകാരമുള്ള അപാകം പരിഹരിച്ച് നിയമന പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ശ്രീമതി ശ്രീജയ എച്ച്.എസ്.ടി.(ഗണിതം),

ശ്രീമതി നസീമ ടി. എച്ച്.എസ്.ടി. (അറബിക്) ശ്രീ.റെയ്ഹാൻ മുബാരിഷ് എം. എച്ച്.എസ്.ടി. (അറബിക്) എന്നിവരുടെ നിയമനം പുനഃപരിഗണിക്കാവുന്നതാണ്."

4.) സർക്കാർ ഈ വിഷയം ഹിയറിങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ.ശ്രീനാഥ് പി., ശ്രീമതി ശ്രീജയ, ശ്രീ.റൈഹാൻ മുബാരിഷ് എം., ശ്രീമതി നസീമ ടി. എന്നിവർക്ക് താഴെപ്പറയും പ്രകാരം നിയമനാംഗീകാരം നല്കുന്നതിന് മണ്ണാർ ക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കി മാനേജർ ഫയൽ ചെയ്ത എക്സിബിറ്റ് പി 16 റിവിഷൻ ഹർജി തീർപ്പാക്കി പാലക്കാട് ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾസ് മാനേജരും മറ്റുള്ളവരും ചേർന്ന് ബഹു.കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.32148/2024**-ന്റെ **10.09.2024**-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(i)** <u>ശ്രീ.ശ്രീനാഥ് പി, എച്ച്.എസ്.ടി.(ഗണിതം), ശബരി ഹൈസ്കൂൾ, പള്ളിക്കുറുപ്പ്</u>

ടി സ്കൂളിലെ സീനിയർ **4 3** അവകാശികൾ സമർപ്പിച്ചിട്ടുള്ള **15.07.2021** തീയതിയിലെ സ്ഥാനക്കയറ്റ പരിത്യാഗപത്രം അംഗീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി **43** അവകാശിയായ ശ്രീ. ശ്രീനാഥ് പി.യുടെ എച്ച്.എസ്.ടി.(ഗണിതം) തസ്തികയിലെ **31.03.2020**-ൽ സംജാതമായ വിരമിക്കൽ ഒഴിവിലുള്ള സ്ഥാനക്കയറ്റ നിയമനത്തിന് **15.07.2021** മുതൽ ശമ്പളസ്കെയിലിൽ അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു.

**(ii)** <u>ശ്രീമതി ശ്രീജയ, എച്ച്.എസ്.ടി.(ഗണിതം), ശബരി **HSS**, പള്ളിക്കുറുപ്പ്</u>

റൂൾ **4 3** അവകാശിയായ ശ്രീമതി ശ്രീജയയുടെ എച്ച്.എസ്.ടി.(ഗണിതം) തസ്തികയിലെ **30.06.2020**-ൽ സംജാതമായ വിരമിക്കൽ ഒഴിവിലുള്ള സ്ഥാനക്കയറ്റ നിയമനത്തിന് **15.07.2021** മുതൽ ശമ്പളസ്കെയിലിൽ അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു.

**(iii)** <u>ശ്രീ. റൈഹാൻ മുബാരിഷ് എം. , എച്ച്.എസ്.ടി.(അറബിക്), **PTBHSS**, അടയ്ക്കാപുത്തൂർ</u>

ടി സ്കൂളിലെ **31.03.2020**-ലുള്ള വിരമിക്കൽ ഒഴിവിൽ നിയമിക്കപ്പെട്ട ശ്രീ റൈഹാൻ മുബാരിഷ്-ന് **15.07.2021** മുതൽ ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശമ്പളസ്കെയിലിൽ പ്രൊവിഷണലായി എച്ച്.എസ്.ടി.(അറബിക്) ആയി നിയമനാംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു.

**(iv)** <u>ശ്രീമതി നസീമ ടി, എച്ച്.എസ്.ടി.(അറബിക്) , ശബരി എച്ച്.എസ്.എസ്.,</u>

പള്ളിക്കുറുപ്പ്

ടി സ്കൂൾ പുതുതായി ഉയർത്തപ്പെട്ട സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നതിനാൽ സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിനായി മാനേജർ **02.09.2024**-ൽ ഡിക്ലറേഷൻ സമർപ്പിച്ചിട്ടുള്ളത് കണക്കിലെടുത്ത്, **30.04.2020**-ലെ വിരമിക്കൽ ഒഴിവിൽ ശ്രീമതി നസീമ ടിയെ **15.07.2021**-ലാണ് നിയമിച്ചിട്ടുള്ളതെങ്കിലും, എച്ച്.എസ്.ടി.(അറബിക്) തസ്തികയിൽ ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി **02.09.2024** തീയതി മുതൽ ശമ്പളസ്കെയിലിൽ പ്രൊവിഷണലായി എച്ച്.എസ്.ടി.(അറബിക്) ആയി നിയമനാംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M RATHEESH**

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
കോർപ്പറേറ്റ് മാനേജർ, ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾസ്, 'അനുപമ', പുതുപെരിയാരം പി.ഒ., പാലക്കാട്
ശ്രീ.ശ്രീനാഥ് പി., എച്ച്.എസ്.റ്റി.(ഗണിതം), ശബരി ഹയർസെക്കൻഡറി സ്കൂൾ, പള്ളിക്കുറിപ്പ്, മണ്ണാർക്കാട്, പാലക്കാട്.
ശ്രീമതി ശ്രീജയ എ ജെ., എച്ച്.എസ്.റ്റി.(ഗണിതം), ശബരി ഹയർ സെക്കൻഡറി സ്കൂൾ, പള്ളിക്കുറിപ്പ്, മണ്ണാർക്കാട്, പാലക്കാട്.
ശ്രീ.റയ്ഹാൻ മുബാരിഷ് എം., എച്ച്.എസ്.റ്റി.(അറബിക്), ശബരി പി.ടി.ബി.എസ്. ഹയർ സെക്കൻഡറി സ്കൂൾ, അടക്കാപുത്തൂർ, പാലക്കാട്.
ശ്രീമതി നസീമ റ്റി., എച്ച്.എസ്.റ്റി.(അറബിക്), ശബരി ഹയർ സെക്കൻഡറി സ്കൂൾ, പള്ളിക്കുറിപ്പ്, മണ്ണാർക്കാട്, പാലക്കാട്.
പൊതു വിദ്യാഭ്യാസ (ജെ.എ.) വകുപ്പ്.(**06.05.2025**-ലെ **GE-JA3/175/2025-G.EDN** നമ്പർ കത്ത്)
വിവര പൊതുജന സമ്പർക്ക(വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 17-06-2025 10:46:29

സെക്ഷൻ ഓഫീസർ